

**എൻ. പി മുഹമ്മദ്**

**മലയാളത്തിലെ അവിസ്മരണീയനായ എഴുത്തുകാരൻ എൻ.പി മുഹമ്മദിന്റെ ഇരുപത്തഞ്ചു കൊല്ലം മുമ്പ് *മലർവാടി*യുടെ താളുകളിൽ വന്ന കഥ പുനഃപ്രസിദ്ധീകരിക്കുന്നു.**

# കാക്കയും കുറുക്കനും

## സ്നേഹിതൻമാരായതെങ്ങനെ?

പഴങ്കഥയിലെ കാക്കയും കുറുക്കനും തന്നെ. മുമ്പ് കഴിഞ്ഞത് ഓർക്കുമല്ലോ. കുറുക്കൻ കാക്കയോട് പാട്ടുപാടാൻ കെഞ്ചി. കാക്ക വാ തുറന്നു. അപ്പം നിലത്തുവീണു. അതുമെടുത്ത് കുറുക്കൻ പോയി. കാക്കക്ക് സങ്കടം കുറുക്കൻ തന്നെ ചതിച്ചതിലായിരുന്നു. ആരും മറ്റുള്ളവരുടെ മുമ്പിൽ വങ്കൻമാരാകുന്നതിഷ്ടപ്പെടില്ലല്ലോ. അതോടെ അവർ തമ്മിൽ പിണക്കമായി.

കുറുക്കനെ കണ്ടാൽ കാക്ക മുഖം തിരിക്കും. കുറുക്കനും തെറ്റായിപ്പോയെന്ന് തോന്നിയിരുന്നു. കാക്കയെ പറ്റിക്കാനായി ചെയ്തതല്ല. വിശപ്പുതീർക്കാൻ ഒരു സൂത്രം കുറുക്കൻ ഉപയോഗിച്ചതായിരുന്നു.

അതൊക്കെ മറക്കേണ്ടതല്ലേ. ഒരേ കാട്ടിൽ, ഒരേ ഭാഗത്ത് താമസി



ആറ്റം കണ്ടുപിടിച്ച ശാസ്ത്രജ്ഞൻ- ജോൺ ഡാൾട്ടൺ

ക്കുന്ന രണ്ടുപേരും പിണങ്ങി നടക്കുന്നത് ശരിയല്ലല്ലോ. കുറുക്കൻ ലോഗ്യമാകാൻ പലതും ചെയ്തെങ്കിലും കാക്ക പഴയ അരിശം മനസ്സിലിട്ട് നടന്നു.

അങ്ങനെ അവർ പിണങ്ങിനടക്കുന്ന കാലത്താണ് സംഭവം. കാക്ക മരപ്പൊത്തിൽ കൂട് കൂട്ടിയിരുന്നു. അതിൽ മുട്ടകളിട്ട് പൊരുത്തു കിടന്നു. മുട്ടത്തോടുകൾ പൊളിഞ്ഞ് നാല് കാക്കക്കുഞ്ഞുങ്ങൾ പുറത്ത് വന്നു. അവ കാണാൻ ചന്തമുള്ളവയായിരുന്നു. കാക്കയുടെ കറുത്ത നിറം അവയ്ക്കുണ്ടായിരുന്നില്ല. മുഷിഞ്ഞ വെള്ളനിറമായിരുന്നു. കൂട്ടിൽ കൊക്കുരുമ്മി അവ നടക്കാൻ പഠിക്കുകയായിരുന്നു. പറക്കാൻ വയ്യ.

കാക്ക ദൂരങ്ങളിൽ പോയി അവക്ക് പഴങ്ങളും അപ്പങ്ങളും കൊത്തിക്കൊണ്ട് വരും. കൊക്കിലിട്ടവ കത്രിക്കും. കൊച്ചുതുണ്ടുകൾ കുഞ്ഞുങ്ങളുടെ വായിലിട്ട് കൊടുക്കും. കുഞ്ഞുങ്ങൾ ആഹ്ലാദത്തോടെ തിന്നുന്നു. അൽഭുത ശബ്ദങ്ങൾ പുറപ്പെടുവിക്കുകയും അമ്മക്കാക്കയുടെ ചിറകുകൾക്കുള്ളിൽ ഒളിച്ചു കളി നടത്തുകയും ചെയ്യുന്നു. കാക്കക്കതിൽപരം സന്തോഷം നൽകിയ മറ്റൊന്നുണ്ടായിരുന്നില്ല.

അങ്ങനെ കാക്ക സന്തോഷത്തോടെ കുഞ്ഞുങ്ങൾക്ക് ഇരയും കൊണ്ട് കൂട്ടിലേക്ക് വരികയായിരുന്നു. അന്ന് കിട്ടിയത് മുന്തിരിക്കുലയായിരുന്നു. കൂട്ടിലെത്തി, എന്തോ പിശക് വന്നതുപോലെ തോന്നി. കുഞ്ഞുങ്ങൾ ചിരിക്കുന്നില്ല. സന്തോഷ ശബ്ദങ്ങൾ പുറപ്പെടുവിക്കുന്നില്ല. കുഞ്ഞുങ്ങളിൽ ഒന്നിനെ കാണുന്നില്ല.

പലേടത്ത് തിരഞ്ഞ് നോക്കിയിട്ടും കണ്ടില്ല. കാക്ക ദുഃഖിതയായി. പിറ്റേന്നും ഇര തേടിപ്പോവാതെ നിവൃത്തിയില്ല. മടങ്ങി വന്നപ്പോൾ ഒരു കുഞ്ഞിനെ അന്നും കാണുന്നില്ല. കാക്കക്ക് സങ്കടമായി. അന്ന് മനം മടുത്താണ് കാക്ക കൂടിന് പുറത്ത് പോയത്.



അന്നും അത് തന്നെ ആവർത്തിച്ചു. കാക്കക്ക് പരിഭ്രമമായി. അങ്കലാപ്പുണ്ടായി. എവിടെയാണ് കുട്ടികൾ പോകുന്നത്? നാലാം ദിവസം കാക്ക കൂടിന് പുറത്ത് വന്നു. നാലഞ്ചു ചില്ലകൾക്കപ്പുറമുള്ള ഒരു കൊമ്പിൽ ഒളിച്ചിരുന്നു. കൂടും നോക്കിയാണ് കാക്ക ഒളിച്ചിരുന്നത്.

നേരം കുറേയായിക്കാണും. മരത്തിന്റെ മറ്റൊരു കൊമ്പിലുണ്ടായിരുന്ന മാളം കാക്ക ശ്രദ്ധിച്ചിട്ടില്ലായിരുന്നു. അവിടെ ഒരു അനക്കം കേട്ടു. കാക്ക പതുങ്ങി നോക്കി. പൊത്തിൽ നിന്നെന്തോ ഇഴയുന്നു. പൊന്നിന്റെ വട്ടപ്പുള്ളികളുള്ള ഒരു പാമ്പായിരുന്നു അത്.

അത് രണ്ട് നാവുകൾ കൊതിയോടെ പുറത്തിട്ട് ഇളക്കിയിരുന്നു. കൊമ്പിലൂടെ അത് ഇഴഞ്ഞു വന്നു. കാക്ക ശ്വാസമടക്കി. പാമ്പിഴയുന്നത് കാക്കയുടെ കൂടിന് നേർക്കാണ്. കാക്ക പേടിച്ചിരുന്നു. ഒന്നും ചെയ്യാനാകാതെ അതിരുന്നു.

## രാജാവും രാജ്ഞിയും

സുഗന്ധവ്യഞ്ജനങ്ങളുടെ രാജാവ് എന്നറിയപ്പെടുന്നത് കുരുമുളകാണ്. ഏലം സുഗന്ധ വ്യഞ്ജനങ്ങളുടെ രാജ്ഞി എന്നറിയപ്പെടുന്നു.



മരത്തിന്റെ ഇലകൾ ഇളകിയാടുകയും സൂര്യന്റെ വെളിച്ചം ഇലപ്പഴുതുകളിലൂടെ പ്രകാശിക്കുകയും ചെയ്തിരുന്നു. മരച്ചില്ലകളിൽ വീണ പൊൻവെട്ടങ്ങൾ മായുകയും തെളിയുകയും ചെയ്തിരുന്നു.

പാമ്പ് നേരെ ചെന്നത് കാക്കയുടെ കൂട്ടിലേക്കാണ്. കുഞ്ഞിന്റെ അരണ്ട ശബ്ദം കേട്ട് കാക്ക പിടഞ്ഞു. അതവസാനത്തെ കരച്ചിലായിരുന്നു. കാക്ക കണ്ണു ചിമ്മി. കാക്കയുടെ കാലും വാലും വിറച്ചിരുന്നു. ചിറകുകൾ ചലിച്ചില്ല.

വായിൽ കുഞ്ഞിനെയും വിഴുങ്ങി വരുന്ന പാമ്പിനെ കാക്ക കണ്ടിരുന്നു. കുഞ്ഞിന്റെ കൊച്ചുതൂവലുകൾ കാറ്റിൽ തെന്നിപ്പാറി നിലത്തേക്ക് വീഴുന്നത് കണ്ടപ്പോൾ കാക്ക ഏങ്ങി ഏങ്ങി കരഞ്ഞു. എന്താണ് ചെയ്യേണ്ടതെന്ന് കാക്കക്ക് നിശ്ചയമില്ലായിരുന്നു. അവസാനത്തെ കുഞ്ഞും പോയി. ഇനി ജീവിച്ചിട്ടെന്ത് ഫലം!

ഒരമ്മയുടെ ദുഃഖം ദുഷ്ടൻ പാമ്പിന് അറിയില്ല. കാക്ക കുറേ നേരം ഇരുന്നു. ആ കൂട്ടിലേക്ക് പോകാൻ പേടിയായിരുന്നു. അങ്ങോട്ട് ചെല്ലാൻ ഒട്ടും ഉൽസാഹമില്ലായിരുന്നു. പതുക്കെ കാക്ക ചിറകുകളിളക്കി. അവയവങ്ങൾക്ക് കരുത്തുണ്ടായിരുന്നില്ല. ശരീരത്തിന്റെ ശക്തി നഷ്ടപ്പെട്ടിരുന്നു. കുഴഞ്ഞു വീഴുമെന്ന് കാക്കക്ക് തോന്നി. അതു ഞരങ്ങി. പുഴയുടെ തീരത്തുള്ള ഒരു മരത്തടിയിൽ വന്നിരുന്നു. അന്നേരമാണ് കുറുക്കൻ ആ വഴി വന്നത്.

കാക്ക കുറുക്കനെ കണ്ടിരുന്നില്ല. കുറുക്കൻ കാക്കയെ കണ്ടിരുന്നു. കാക്കയോടൊന്ന് ചിരിക്കാം എന്നേ കുറുക്കൻ കരുതിയിരുന്നുള്ളൂ. കുറുക്കൻ വാല് താഴ്ത്തി കാക്കയുടെ മുമ്പിൽ നിന്നു. കാക്ക കുറുക്കനെ കാണുന്നില്ല. കുറുക്കൻ കാക്കയുടെ കണ്ണിൽ നിന്ന് കണ്ണീർ വീഴുന്നത് കണ്ടു. അവൻ കാക്കയുടെ മുമ്പിലിരുന്നു. എങ്ങനെയാണ് കാക്കയോട് വർത്തമാനം തുടങ്ങേണ്ടത് എന്ന് നിശ്ചയമില്ലായിരുന്നു കുറുക്കന്.

"എന്റെ പൊന്ന് ചങ്ങാതീ..." കുറുക്കൻ വിളിച്ചു.

കാക്ക കുറുക്കനെ കണ്ടപ്പോൾ വാവിട്ട് കരയാൻ തുടങ്ങി.

"എന്താ ഇങ്ങനെ കരയുന്നത്?"

കുറുക്കനോട് പിണക്കമായിരുന്നെങ്കിലും ഇങ്ങനെ ചോദിക്കാൻ അവന് തോന്നിയല്ലോ. മറ്റൊരു ജീവിയും കാക്ക കരയുന്നതിന്റെ കാരണം തിരക്കിയിട്ടില്ല. അവക്കൊന്നും സഹതാപമില്ലായിരുന്നു. കുറുക്കനെങ്കിലും അത് തോന്നിയല്ലോ. കാക്കയുടെ മനസ്സ് നിറയെ ദുഃഖമായിരുന്നു. ഇതാരോടെങ്കിലും പറഞ്ഞാൽ മനസ്സിലുള്ള ഭാരം ഒഴിഞ്ഞതായി തോന്നും. കാക്ക പിന്നെ അധികം ആലോചിച്ചില്ല. കഴിഞ്ഞതെല്ലാം കാക്ക കുറുക്കനോട് പറഞ്ഞു. കുറുക്കൻ തന്ത്രക്കാരനാണെങ്കിലും അവന്റെ കണ്ണിലും വെള്ളം നിറയുന്നത് കാക്ക കണ്ടു.

(തുടരും)



സഹോദരൻ അയ്യപ്പൻ രൂപം നൽകിയ സംഘടന- വിദ്യാപോഷിണി